# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1448** **08.02.2013-ൽ മറുപടിക്ക്**

## കൊല്ലം എൻ-എച്ച് ബൈപാസിന്റെ പുതുക്കിയ നിർമ്മാണരീതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി. കെ. ഗുരുദാസൻ: | | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പു മന്ത്രി) | |
| (എ) | കൊല്ലം എൻ-എച്ച് ബൈപാസിന്റെ പുതുക്കിയ നിർമ്മാണരീതി സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ; | (എ) | 13.14 കി.മീ മൊത്തം നീളമുള്ള കൊല്ലം ബൈപ്പാസിന്റെ തിരുവനന്തപുരം ഭാഗത്തുള്ള 4.79 കി.മീ റോഡ് പണി രണ്ടു വരിപ്പാതയായി പൂർത്തീകരിച്ചിട്ടുള്ളതാണ്. ആയതിന്റെ ശേഷിക്കുന്ന കൊച്ചി ഭാഗത്തുള്ള 8.35 കിലോമീറ്റർ രണ്ടുവരിപ്പാതയുടെ പ്രൊപ്പോസൽ എൻ.എച്ച്.എ.ഐ കേന്ദ്ര ഉപരിതല ഗതാഗതമന്ത്രാലയത്തിന് അനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ നിർമ്മാണ ചെലവിനായി പ്രതീക്ഷിക്കുന്ന 255.52 കോടി രൂപയുടെ 50% സംസ്ഥാന സർക്കാർ വഹിക്കാമെന്ന് കേന്ദ്രത്തെ അറിയിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ബൈപ്പാസിന്റെ ശേഷിക്കുന്ന രണ്ടുവരിപ്പാതയുടെ നിർമ്മാണം മുൻഗണന നൽകി പൂർത്തീകരിക്കുന്നതിനുവേണ്ടി നടപടികൾ സ്വീകരിക്കുന്നതിനായി എൻ.എച്ച്.എ.ഐ-യെ കേന്ദ്ര സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഇതിൽ കേന്ദ്ര-സംസ്ഥാന വിഹിതങ്ങൾ എത്ര ; | (ബി) | 50% സംസ്ഥാനവും 50% കേന്ദ്രവും വഹിക്കുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്. |
| (സി) | ഇതിനുവേണ്ടിയുള്ള തുക അനുവദിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ; | (സി) | 2012-2013 ബഡ്ജറ്റ് പ്രസംഗത്തിൽ കൊല്ലം ബൈപ്പാസിന് 3 കോടി രൂപ വകയിരുത്തിയിരുന്നു. |
| (ഡി) | പ്രസ്തുത ബൈപാസിന് വേണ്ടി കേന്ദ്രത്തിൽ നിന്നും അനുവദിച്ച തുകയുടെ വിശദാംശം തിരിച്ച് ലഭ്യമാക്കുമോ? | (ഡി) | തുകയൊന്നും തന്നെ അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ